*സംയോജിത ശിശു സംരക്ഷണ പദ്ധതി : കേരളം*
*സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ*
*നടപടി ക്രമങ്ങൾ*

*(ഹാജർ ശ്രീമതി.അനുപമ IAS - വനിതശിശു വികസന ഡയറക്ടർ& മെമ്പർ സെക്രട്ടറി, SCPS)*

വിഷയം: - വനിതശിശുവികസന വകുപ്പ് - ICPS - കണ്ണൂർ ജെ.ജെ.ബിലേക്ക് ഫർണ്ണിച്ചർ, വാട്ടർപ്യൂരിഫയർ വാങ്ങുന്നതിനുള്ള അനുമതി നൽകി തുക അനുവദിച്ച് ഉത്തരവാകുന്നു

പരാമർശം:- (1) 21.08.2020 ലെ ഐ.സി.പി.എസ് എക്സിക്യൂട്ടീവ് കമ്മനി താരുമാനം
(2) ഈ ഓഫീസിലെ ICPS3/2510/20 നമ്പർ ഉത്തരവ്.തീയതി.24.09.20
(3) GO(Rt)No.33/17/SPD .Dated. 17.06.2017

## *ഉത്തരവ് നമ്പർ-* ICPS-3/1582/2020 *തീയതി:* 19/11/2020

വനിത ശിശുവികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കണ്ണൂർ ഗവ.ചിൽഡ്രൻസ് ഹോമിനോട് ചേർന്ന് പ്രവർത്തിക്കുന്ന സി.ഡബ്ലിയു.സി യുടെയും ജെ.ജെ.ബി യുടെയും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി ഫർണ്ണിച്ചർ, വാട്ടർപ്യൂരിഫയർ എന്നിവ വാങ്ങുന്നതിന് കേരള സ്റ്റേററ് ഇന്റസ്ട്രിയൽ എന്റർപ്രൈസ് ലിമിറ്റഡിൽ നിന്നും ലഭ്യമായ എസ്റ്റിമേറ്റ് പ്രകാരം 58,800/- രൂപ അനുവദിക്കുന്നതിന് പരാമർശം 1 പ്രകാരം ഐ.സി.പി.എസ്സിന്റെ എക്സിക്യൂട്ടിവ് കമ്മിയിൽ അനുമതി ലഭ്യമാക്കുകയും പരാമർശം 2 പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തു.

ടി സാഹചര്യത്തിൽ കണ്ണൂർ, ജുവനൈൽ ജസ്റ്റിസ് ബോർഡിന്റെ അടിസ്ഥാന വികസനത്തിന്റെ ഭാഗമായി ഫർണ്ണിച്ചർ, വാട്ടർപ്യൂരിഫയർ വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഇന്റസ്ട്രിയൽ എന്റർപ്രൈസ് ലിമിററഡിൽ നിന്നും ലഭ്യമായ എസ്റ്റിമേററ് പ്രകാരം 58,800/- രൂപ (അൻപത്തി എട്ടായിരത്തി എണ്ണൂറ് രൂപ മാത്രം) അനുവദിച്ചു കൊണ്ട് ഉത്തരവാകുന്നു.

ടി തുക 58,800 ( അൻപത്തി എട്ടായിരത്തി എണ്ണൂറ് രൂപ മാത്രം) വനിത ശിശു വികസന വകുപ്പിലെ 2235-02-001-89(P) എന്ന ശീർഷകത്തിൽ നിന്നും അലോട്ട്മെന്റായി കണ്ണൂർ ജില്ലാ വനിത ശിശു വികസന ഓഫീസറിനു നൽകേണ്ടതാണ്. ജില്ലാ ശിശു വികസന ഓഫീസർ പ്രസ്തുത തുക കണ്ണൂർ ഗവ.ചിൽഡ്രൻസ് ഹോം സൂപ്രണ്ടിനു അലോട്ട്മെന്റായി നൽകേണ്ടതുമാണ്.

സ്ഥാപന സൂപ്രണ്ട് പരമാർശം(3) ലെ ഉത്തരവിന്റെ നിബന്ധനകൾ പാലിച്ചും സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തിയും ഫർണ്ണിച്ചർ വാങ്ങേണ്ടതും, നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി ടി തുകയുടെ റസീപ്ററ്, ധനവിനിയോഗ സർട്ടിഫിക്കററ് എന്നിവയും ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

(ഒപ്പ്)

*വനിത ശിശുവികസന ഡയറക്ടർ &*
*മെമ്പർ സെക്രട്ടറി*

*ജില്ലാ വനിത ശിശു വികസന ഓഫീസർ കണ്ണൂർ*

*പകർപ്പ്:*

1. *സൂപ്രണ്ട് , ഗവ.ചിൽഡ്രൻസ് ഹോം കണ്ണൂർ*
2. *സൂപ്രണ്ട്, അലോട്ട്മെന്റ് സെക്ഷൻ*
3. **ICPS- 4**
4. *സ്റ്റോക്ക് ഫയൽ*
5. Website

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്